LIBRARY ARCHIVES Kerala Legislative Assembly

ഭൂമി സഹിതം പ്രസ്തുത ആക്ടിന്റെ പരിധിയിൽനിന്നും ഒഴിവാക്കി സർക്കാരിലേയ്ക്ക് പുനർ നിക്ഷിപ്തമാക്കാവുന്നതാണ്. 218-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം പഞ്ചായത്തിൽ നിക്ഷിപ്തമായ പൊതുജല സ്രോതസ്സിന്റെയും അതിനോട് ചേർന്നുള്ളതുമായ പൊതുഭൂമിയുടെയും ഭരണം സർക്കാരിന് ഏറ്റെടുക്കാവുന്നതും 279-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം പഞ്ചായത്തിൽ നിക്ഷിപ്തമായ പുറമ്പോക്കിനെ ഈ ആക്ടിന്റെ പരിധിയിൽനിന്നും ഒഴിവാക്കാവുന്നതുമാണ്. മേൽപ്പറഞ്ഞ വ്യവസ്ഥകൾ പ്രകാരം 169-ാം വകുപ്പ് (3)-ാം ഉപവകുപ്പിലും 279-ാം വകുപ്പ് (2)-ാം ഉപവകുപ്പിലും പരാമർശിച്ച പ്രകാരമുള്ള ഭൂമി സർക്കാരിൽ നിക്ഷിപ്തമാക്കിയതിനുശേഷം അത് വകുപ്പുകൾക്ക് കൈമാറുന്നതിന് സാധ്യമാകുന്നതാണ്. 218-ാം വകുപ്പ് (3)-ാം ഉപവകുപ്പിൽ പരാമർശിച്ച പ്രകാരമുള്ള പൊതുജലസ്രോതസ്സിനോട് ചേർന്ന് കിടക്കുന്ന പൊതുഭൂമിയുടെ ഭരണം സർക്കാരിന് ഏറ്റെടുക്കാവുന്നതും അപ്രകാരം ഭരണം ഏറ്റെടുത്ത ഭൂമി, Jagpal Singh Vs. State of Punjab എന്ന കേസ്സിലെ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പൊതുആവശ്യത്തിനായി സർക്കാർ വകുപ്പുകൾക്ക് കൈമാറാവുന്നതുമാണ്. കൂടാതെ 2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ 3-ാം ചട്ടപ്രകാരം ഒരു പഞ്ചായത്തിന് വാങ്ങൽമൂലമോ അല്ലാതെയോ ആർജ്ജിച്ചിട്ടുള്ള ഭൂമി സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി കയ്യൊഴിക്കാവുന്നതാണ്. അതിനാൽ മേൽപ്പറഞ്ഞ ചട്ടത്തിലെ വ്യവസ്ഥകൾ പ്രകാരം പഞ്ചായത്തിന് വാങ്ങൽമൂലമോ അല്ലാതെയോ ആർജ്ജിച്ച ഭൂമി സർക്കാർ വകുപ്പുകൾക്ക് കൈമാറാവുന്നതാണ്.

(ബി) ബാധകമല്ല.

## ജൂനിയർ അഭിഭാഷകർക്ക് സ്റ്റൈപ്പെൻഡ്

84(4053) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> :
<u>ശ്രീ. ഇ. കെ. വിജയൻ</u> :
<u>ശ്രീമതി ഗീതാ ഗോപി</u> :
<u>ശ്രീമതി സി. കെ. ആശ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഭിഭാഷകരുടെ ക്ഷേമത്തിനായി ഈ സർക്കാർ നടപ്പാക്കിയ പദ്ധതികൾ വിശദമാക്കുമോ;

(ബി) ജൂനിയർ അഭിഭാഷകർക്ക് 5,000 രൂപ പ്രതിമാസ സ്റ്റൈപ്പെന്റ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ജൂനിയർ അഭിഭാഷകർക്ക് സ്റ്റൈപ്പെൻഡ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1. അഭിഭാഷക ക്ഷേമനിധിയിൽ 15 വർഷത്തെ തുടർച്ചയായ അംഗത്വം പൂർത്തിയാക്കി പ്രാക്ടീസ് നിർത്തുന്ന ഒരംഗത്തിന് യഥാർത്ഥ പ്രാക്ടീസ് പൂർത്തിയാക്കുന്ന ഓരോ വർഷത്തിനും 14,285 രൂപ എന്ന നിരക്കിൽ പരമാവധി 5 ലക്ഷം രൂപ നിധിയിൽനിന്നും അനുവദിച്ചു വന്നിരുന്നത് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രാക്ടീസ് പൂർത്തിയാക്കുന്ന ഓരോ വർഷത്തിനും 25,000 രൂപ എന്ന നിരക്കിൽ പരമാവധി ആനുകൂല്യം 10 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതാണ്.

2. യഥാർത്ഥ പ്രാക്ടീസ് തുടരുന്ന സമയത്ത് മരണപ്പെടുന്ന ഒരംഗത്തിന്റെ നാമനിർദ്ദേശം ചെയ്യുന്ന ആളിനോ അല്ലെങ്കിൽ നിയമാനുസൃത അവകാശിക്കോ അനുവദിക്കുന്ന പരമാവധി ആനുകൂല്യം 5 ലക്ഷം രൂപയിൽനിന്നും 10 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതാണ്.

3. ഫണ്ടിലെ അംഗങ്ങൾക്ക് മേജർ ശസ്ത്രക്രിയ ഉൾപ്പെടുന്ന ആശുപത്രിയിൽ കിടത്തി ചികിത്സിക്കുന്ന സംഗതിയിലോ ക്യാൻസർ ചികിത്സയ്ക്കും മറ്റ് ഗുരുതര രോഗങ്ങൾക്കും വേണ്ടിയോ 3 വർഷക്കാലയളവിലേയ്ക്ക് ഒരു ലക്ഷം രൂപ നൽകുന്നതിന് വ്യവസ്ഥ ചെയ്തു.

4. 30 വയസ്സ് പൂർത്തിയാക്കാത്തതും ഒരു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ളതും ബാറിലെ സേവനകാലം മൂന്ന് വർഷത്തിൽ അധികരിക്കാത്തതുമായ ഒരു അഭിഭാഷകന് ട്രസ്റ്റി കമ്മിറ്റി കാലാകാലങ്ങളിൽ നിശ്ചയിക്കുന്നതും സർക്കാർ അംഗീകരിക്കുന്നതുമായ നിരക്കിൽ സ്റ്റൈപ്പെന്റ് നൽകുന്നതിന് വ്യവസ്ഥ ചെയ്തു. അതിൻപ്രകാരം കേരള അഭിഭാഷക ക്ഷേമനിധിയിൽനിന്നും പ്രതിമാസം 5,000 രൂപ (അയ്യായിരം രൂപ മാത്രം) നിരക്കിൽ സ്റ്റൈപ്പെൻഡ് അനുവദിക്കുന്നതിന് 9-3-2018-ലെ സ.ഉ. (എംഎസ്.) നമ്പർ 36/2018/നിയമം പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുള്ളതുമാണ്.

(ബി) 30 വയസ്സ് പൂർത്തിയാക്കാത്തതും ഒരു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ളതും ബാറിലെ സേവനകാലം മൂന്ന് വർഷത്തിൽ അധികരിക്കാത്തതുമായ ഒരു അഭിഭാഷകന് ട്രസ്റ്റി കമ്മിറ്റി കാലാകാലങ്ങളിൽ നിശ്ചയിക്കുന്നതും സർക്കാർ അംഗീകരിക്കുന്നതുമായ നിരക്കിൽ സ്റ്റൈപ്പെൻഡ് നൽകുന്നതിന് വ്യവസ്ഥ ചെയ്തതിൻ പ്രകാരം കേരള അഭിഭാഷക ക്ഷേമനിധിയിൽനിന്നും പ്രതിമാസം 5,000 രൂപ (അയ്യായിരം രൂപ മാത്രം) നിരക്കിൽ സ്റ്റൈപ്പെന്റ് അനുവദിക്കുന്നതിന് 9-3-2018-ലെ സ.ഉ. (എംഎസ്.) നമ്പർ 36/2018/നിയമം പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

(സി) ജൂനിയർ അഭിഭാഷകർക്ക് സ്റ്റൈപ്പന്റ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു :

1. 30 വയസ്സ് പൂർത്തിയാക്കാത്തവരും ഒരു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ളതും ബാറിലെ സേവനകാലം മൂന്ന് വർഷത്തിൽ അധികരിക്കാത്തവരുമായ അഭിഭാഷകർക്ക് മാത്രമേ സ്റ്റൈപ്പെൻഡ് ലഭിക്കുവാൻ അർഹതയുള്ളൂ.

2. കേരള അഭിഭാഷക ക്ഷേമനിധി ട്രസ്റ്റി കമ്മിറ്റിയുടെ നിശ്ചിത മാതൃകയിലുള്ള അപേക്ഷാ ഫാറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. അഭിഭാഷകൻ അംഗമായിട്ടുള്ള ബാർ അസോസിയേഷൻ മുഖാന്തരവും ബന്ധപ്പെട്ട ബാർ അസോസിയേഷന്റെ ശിപാർശ സഹിതവുമാണ് ട്രസ്റ്റി കമ്മിറ്റിക്ക് അപേക്ഷ സമർപ്പിക്കേണ്ടത്.

3. അപേക്ഷകയുടെ/അപേക്ഷകന്റെ വയസ്സ് തെളിയിക്കുന്നതിനായി ഒരു ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ ജനന സർട്ടിഫിക്കറ്റിന്റെ / മറ്റ് ആധികാരിക രേഖയുടെ പകർപ്പ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. വാർഷിക വരുമാനം തെളിയിക്കുന്നതിന് ബന്ധപ്പെട്ട റവന്യൂ അധികാരിയിൽനിന്നുള്ള വരുമാന സർട്ടിഫിക്കറ്റും, ബാറിലെ സേവനകാലവും നിലവിൽ സേവനം ചെയ്തുവരുന്നതുമായ വിവരങ്ങൾ തെളിയിക്കുന്നതിന് ബന്ധപ്പെട്ട ബാർ അസോസിയേഷൻ പ്രസിഡന്റ്/സെക്രട്ടറി നൽകുന്ന സർട്ടിഫിക്കറ്റും അപേക്ഷയോടൊപ്പം സമർപ്പിച്ചിരി ക്കേണ്ടതാണ്.

4. ജൂനിയർ അഭിഭാഷകൻ സജീവ പ്രാക്ടീസിലാണെന്ന് സാക്ഷ്യ പ്പെടുത്തിക്കൊണ്ട് അദ്ദേഹത്തിന്റെ സീനിയർ അഭിഭാഷകൻ (പതിനഞ്ച് വർഷത്തിൽ കുറയാത്ത പ്രാക്ടീസുള്ള) അഥവാ ബന്ധപ്പെട്ട ബാർ അസോസിയേഷൻ നൽകിയ സാക്ഷ്യപത്രം മൂന്ന് മാസത്തിലൊരിക്കൽ ട്രസ്റ്റി കമ്മിറ്റി മുമ്പാകെ നൽകേണ്ടതാണ്.

5. തെറ്റായ വിവരങ്ങൾ നൽകിയോ വ്യാജരേഖ ചമച്ചോ സ്റ്റൈപ്പെൻഡ് കൈപ്പറ്റുന്ന അഭിഭാഷകൻ അപ്രകാരം കൈപ്പറ്റിയ തുക 12% പലിശ സഹിതം തിരിച്ചടയ്ക്കുവാൻ ബാദ്ധ്യസ്ഥരാണ്. ഇതിന് പുറമേ ഇവർക്കെതിരെ ക്രിമിനൽ നടപടികളും സ്വീകരിക്കാവുന്ന താണ്. അനർഹരായവർക്ക് സ്റ്റൈപ്പെൻഡ് ലഭ്യമാക്കുന്നതിന് തെറ്റായ സർട്ടിഫിക്കറ്റുകൾ നൽകുന്ന ബാർ അസോസിയേഷൻ സെക്രട്ടറി/പ്രസിഡന്റ്/സീനിയർഅഭിഭാഷകനെതിരെയും അച്ചടക്ക

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

നടപടിയും നിയമനടപടികളും സ്വീകരിക്കാവുന്നതാണ്. മേൽ കാണിച്ച നിബന്ധനകൾ പാലിക്കുന്നതിന് മുദ്രപ്പത്രത്തിൽ ഒരു ബോണ്ട് നൽകേണ്ടതാണ്.

6. സ്റ്റൈപ്പെൻഡ് ലഭിക്കുവാനുള്ള അർഹത ട്രസ്റ്റി കമ്മിറ്റി കാലാകാലങ്ങളിൽ സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി നിശ്ചയിക്കുന്ന മറ്റ് വ്യവസ്ഥകൾക്കുംകൂടി വിധേയമായിരിക്കും.

**അന്ധവിശ്വാസവും അനാചാരങ്ങളും നിയന്ത്രിക്കുന്ന നിയമം**

85 (4054) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്ധവിശ്വാസവും അനാചാരങ്ങളും നിയന്ത്രിക്കുന്ന എന്തെങ്കിലും നിയമം കേരളത്തിൽ നിലവിൽ പ്രാബല്യത്തിലുണ്ടോ;

(ബി) ഇല്ലെങ്കിൽ, ആയത് പ്രാബല്യത്തിൽ കൊണ്ടുവരാനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) അന്ധവിശ്വാസവും അനാചാരങ്ങളും നിയന്ത്രിക്കുന്ന നിയമം കേരളത്തിൽ നിലവിലില്ല.

(ബി) ആഭ്യന്തര വകുപ്പിൽനിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം ഇത്തരമൊരു നിയമനിർമ്മാണം സർക്കാരിന്റെ പരിശോധനയിലാണ്.

**കൊയിലാണ്ടിയിൽ എം.എ.സി.ടി. കോടതി**

86 (4055) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊയിലാണ്ടി സബ് കോടതിയിൽ പുതുതായി നിർമ്മിച്ച കെട്ടിടത്തിൽ എം.എ.സി.ടി. കോടതി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ഏതെങ്കിലും നടപടികൾ നിയമ വകുപ്പിൽ നടത്തുന്നുണ്ടോ; വ്യക്തമാക്കാമോ;

ഉത്തരം

ആഭ്യന്തര വകുപ്പിൽനിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം 17-4-2012-ലെ സ.ഉ. (സാധാ.) നമ്പർ 1159/2012/ആഭ്യന്തരം നമ്പർ ഉത്തരവുപ്രകാരം പുറപ്പെടുവിച്ച മോട്ടോർ ആക്സിഡന്റ് ക്ലെയിം ട്രൈബ്യൂണലിന്റെ മുൻഗണനാ ലിസ്റ്റിൽ കോഴിക്കോട് മോട്ടോർ ആക്സിഡന്റ് ക്ലെയിം ട്രൈബ്യൂണൽ 13-ാം നമ്പരായി ഉൾപ്പെടുത്തിയിട്ടുണ്ട്.